## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3205** **26-06-2024 - ൽ മറുപടിയ്ക്ക്**

## കായംകുളം മണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീമതി യു പ്രതിഭ</td><td colspan="2">ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>കായംകുളം മണ്ഡലത്തിലെ മാർക്കറ്റ് പാലം, കനീസാകടവ് പാലം, കോയിക്കൽ പടിയ്ക്കൽ പാലം എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ?</td><td>(എ)</td><td>മാർക്കറ്റ് പാലം<br><br>പാലം നിർമ്മാണത്തിനായി 03/08/2023-തീയതിയിലെ സ.ഉ(സാധാ)നം. 1066/2023/ പൊ.മ.വ ഉത്തരവ് പ്രകാരം 645 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കലിന് വേണ്ടി അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു. ഭൂമി ഏറ്റെടുക്കൽ നടപടി പുരോഗമിക്കുന്നു. ജലാശയത്തിനു കുറുകെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുമ്പോൾ ജലവിഭവ വകുപ്പിന്റെ അംഗീകാരം വാങ്ങണമെന്നുള്ള നിർദ്ദേശത്തെ തുടർന്ന് നിരാക്ഷേപ സാക്ഷ്യപത്രം ലഭിക്കുന്നതിനായി ചീഫ് എഞ്ചിനീയർ, (ഇൻലാന്റ് നാവിഗേഷൻ ആന്റ് കുട്ടനാട് പാക്കേജ്)-ക്ക് 22/11/2023 തീയതിയിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തീകരിച്ച് സ്ഥലം ലഭ്യമാക്കുന്ന മുറയ്ക്കും, NOC ലഭിക്കുന്ന മുറയ്ക്കും ടെണ്ടർ ചെയ്ത് പ്രവൃത്തി ആരംഭിക്കാൻ സാധിക്കുന്നതാണ്.<br><br>കന്നിസകടവ് പാലം<br><br>പാലം നിർമ്മാണത്തിനായി 27/04/2018 തീയതിയിലെ സ.ഉ(സാധാ)നം. 781/2018പൊ.മ.വ ഉത്തരവ് പ്രകാരം 1120 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കൽ നടപടി പുരോഗമിക്കുന്നു. ജലാശയത്തിനു കുറുകെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുമ്പോൾ ജലവിഭവ വകുപ്പിന്റെ അംഗീകാരം വാങ്ങണമെന്നുള്ള നിർദ്ദേശത്തെ തുടർന്ന് നിരാക്ഷേപ സാക്ഷ്യപത്രം ലഭിക്കുന്നതിനായി ചീഫ് എഞ്ചിനീയർക്ക് (ഇൻലാന്റ് നാവിഗേഷൻ ആന്റ് കുട്ടനാട് പാക്കേജ്) 22/11/2023 തീയതിയിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഭൂമി</td></tr>
</table>

| | | | |
|---|---|---|---|
| | | | ഏറ്റെടുക്കൽ നടപടി പൂർത്തീകരിച്ച് സ്ഥലം ലഭ്യമാക്കുന്ന മുറയ്ക്കും, NOC ലഭിക്കുന്ന മുറയ്ക്കും ടെണ്ടർ ചെയ്ത് പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കുന്നതാണ്.<br><br>**കോയിക്കൽപ്പടി പാലം**<br><br>പാലം നിർമ്മാണത്തിനായി 08/02/2022 തീയതിയിലെ സ.ഉ(സാധാ)നം. 138/2022/പൊ.മ.വ ഉത്തരവ് പ്രകാരം 459.65 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കൽ നടപടിയുടെ ഭാഗമായുള്ള സാമൂഹ്യ ആഘാത പഠനം പൂർത്തീകരിച്ച് സർവ്വേ നടപടികൾ പുരോഗമിക്കുന്നു, ജലാശയത്തിനു കുറുകെ നിർമ്മാണ പ്രവൃത്തനങ്ങൾ നടത്തുമ്പോൾ ജലവിഭവ വകുപ്പിന്റെ അംഗീകാരം വാങ്ങണമെന്നുള്ള നിർദ്ദേശത്തെ തുടർന്ന് നിരാക്ഷേപ സാക്ഷ്യപത്രം ലഭിക്കുന്നതിനായി ചീഫ് എഞ്ചിനീയർക്ക് (ഇൻലാന്റ് നാവിഗേഷൻ ആന്റ് കുട്ടനാട് പാക്കേജ്) 22/11/2023 തീയതിയിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തീകരിച്ച് സ്ഥലം ലഭ്യമാക്കുന്ന മുറയ്ക്കും, NOC ലഭിക്കുന്ന മുറയ്ക്കും ടെണ്ടർ ചെയ്ത് പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ